# വസ്തുതാ പത്രം(ഫാക്റ്റ് ഷീറ്റ്): പട്ടികയും ആരാധനാലയങ്ങളും

## ഫെബ്രുവരി 2025

### നാം ആരാണ്?

- Historic England (ഹിസ്റ്റോറിക്ക് ഇംഗ്ലണ്ട്) നമുക്കെല്ലാവർക്കും പ്രാധാന്യമുള്ള പൈതൃകത്തെ സംരക്ഷിക്കുകയും പുതുജീവൻ നൽകുകയും ചെയ്യുന്നു, അതിനാൽ അത് കൂടുതൽ കാലം നിലനിൽക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. ഇതിൽ കെട്ടിടങ്ങൾ, പാർക്കുകൾ, പൂന്തോട്ടങ്ങൾ തുടങ്ങിയ രൂപകൽപ്പന ചെയ്ത പ്രകൃതിദൃശ്യങ്ങൾ, പുരാവസ്തുശാസ്ത്രം എന്നിവയും അതിലേറെയും ഉൾപ്പെടുന്നു.

### പട്ടികവൽകരിക്കപ്പെട്ട(ലിസ്റ്റ് ചെയ്ത) കെട്ടിടങ്ങൾ എന്തൊക്കെയാണ്?

- പട്ടികവൽക്കരിക്കൽ(ലിസ്റ്റ് ചെയ്യൽ) രാജ്യത്തുടനീളമുള്ള പ്രത്യേക കെട്ടിടങ്ങൾക്ക് **നിയമപരമായ പരിരക്ഷ** നൽകുന്നു. പട്ടികവൽകരിക്കൽ(ലിസ്റ്റ് ചെയ്യൽ) വഴി സംരക്ഷിക്കപ്പെടുന്ന കെട്ടിടങ്ങളെ **പട്ടികവൽക്കരിക്കപ്പെട്ട(ലിസ്റ്റ് ചെയ്ത) കെട്ടിടങ്ങൾ** എന്ന് വിളിക്കുന്നു.
- ഒരു കെട്ടിടം പട്ടികവൽക്കരിക്കുന്നതിന്(ലിസ്റ്റ് ചെയ്യുന്നതിന്) ആർക്കും Historic England (ഹിസ്റ്റോറിക്ക് ഇംഗ്ലണ്ട്)-ലേക്ക് അപേക്ഷിക്കാം - അപേക്ഷിക്കാൻ നിങ്ങൾ വാസ്തുവിദ്യയിലോ ചരിത്രത്തിലോ വിദഗ്ദ്ധനാകേണ്ടതില്ല.
- Historic England (ഹിസ്റ്റോറിക്ക് ഇംഗ്ലണ്ട്) പട്ടികവൽക്കരിക്കുന്നതിനുള്ള(ലിസ്റ്റ് ചെയ്യുന്നതിനുള്ള) അപേക്ഷകൾ വിലയിരുത്തുകയും അന്തിമ തീരുമാനം എടുക്കുന്ന സാംസ്കാരിക, മാധ്യമ, കായിക വകുപ്പിന് (DCMS) ശുപാർശകൾ നൽകുകയും ചെയ്യുന്നു.
- പട്ടികവൽക്കരിക്കുന്നതിനായി(ലിസ്റ്റ് ചെയ്യുന്നതിനായി) ഒരു കെട്ടിടം ഞങ്ങൾ വിലയിരുത്തുമ്പോൾ, അതിന് **പ്രത്യേക താൽപ്പര്യമുണ്ടോ** എന്ന് ഞങ്ങൾ നോക്കുന്നു. പട്ടികവൽക്കരിക്കൽ(ലിസ്റ്റ് ചെയ്യൽ) വഴി കെട്ടിടത്തെ സവിശേഷവും സംരക്ഷണത്തിന് യോഗ്യവുമാക്കുന്ന കാര്യങ്ങൾ എന്നാണ് ഇത് അർത്ഥമാക്കുന്നത്.
- കെട്ടിടത്തിൻ്റെ **വാസ്തുവിദ്യ** (അതിൻ്റെ രൂപം, നിർമ്മാണ രീതി മുതലായവ), അതിൻ്റെ **ചരിത്രം** (ഉദാഹരണത്തിന് ദേശീയ പ്രാധാന്യമുള്ള ഒരു വ്യക്തിയുമായോ സംഭവവുമായോ ഉള്ള ശക്തമായ ബന്ധം) അല്ലെങ്കിൽ **രണ്ടിൻ്റെയും സംയോജനം** എന്നിവ കാരണം ഈ പ്രത്യേക താൽപ്പര്യം ഉണ്ടാകാം.
- കെട്ടിടങ്ങൾ എത്രത്തോളം പ്രാധാന്യമുള്ളതാണെന്നതിനെ ആശ്രയിച്ച് ഗ്രേഡ് II, II* അല്ലെങ്കിൽ I എന്നിങ്ങനെ പട്ടികപ്പെടുത്താം(ലിസ്റ്റ് ചെയ്യാം). ഭൂരിഭാഗം കെട്ടിടങ്ങളും (ഏകദേശം 92%) ഗ്രേഡ് II-ൽ പട്ടികപ്പെടുത്തിയിട്ടുണ്ട് (ലിസ്റ്റ് ചെയ്തിട്ടുണ്ട്).
- എല്ലാ ചരിത്ര കെട്ടിടങ്ങൾക്കും പ്രത്യേക താൽപ്പര്യമുണ്ടാകില്ല, കൂടാതെ ഈ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിടങ്ങളെ സംരക്ഷിക്കാനും ആഘോഷിക്കാനും മറ്റ് മാർഗങ്ങളുണ്ട്.

### ഇംഗ്ലണ്ടിനുള്ള ദേശീയ പൈതൃക പട്ടിക എന്താണ്?

- പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) ഓരോ കെട്ടിടത്തിന്റെയും രേഖ (ഒരു ലിസ്റ്റ് എൻട്രി എന്നറിയപ്പെടുന്നു) **ഇംഗ്ലണ്ടിൻ്റെ സംരക്ഷിത പൈതൃകത്തെക്കുറിച്ചുള്ള** വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പൊതു ഡാറ്റാബേസായ ഇംഗ്ലണ്ടിനുള്ള ദേശീയ പൈതൃക പട്ടിക (NHLE, അല്ലെങ്കിൽ പട്ടിക(ലിസ്റ്റ്) എന്നറിയപ്പെടുന്നു) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നമ്മുടെ പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) ആരാധനാലയത്തിൽ മാറ്റങ്ങൾ വരുത്താൻ കഴിയുമോ?

- ഒരു കെട്ടിടം പട്ടികപ്പെടുത്തി(ലിസ്റ്റ് ചെയ്ത്) കഴിഞ്ഞാൽ, അതിന്റെ പ്രത്യേക താൽപ്പര്യത്തെ ബാധിച്ചേക്കാവുന്ന മാറ്റങ്ങൾ ആസൂത്രണ സംവിധാനത്തിലൂടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.
- ഇത് മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും വരുത്തുന്നത് തടയുന്നില്ല, പക്ഷേ കെട്ടിടത്തിന്റെ പ്രത്യേക താൽപ്പര്യത്തെ ബാധിച്ചേക്കാവുന്ന ഏതെങ്കിലും മാറ്റങ്ങൾ വരുത്താൻ നിങ്ങളെ അനുവദിക്കുന്നതിന് നിങ്ങൾ **പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) കെട്ടിട സമ്മതത്തിനായി** (ഒരു തരം അനുമതി) അപേക്ഷിക്കേണ്ടി വന്നേക്കാം. പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) കെട്ടിട സമ്മതത്തിനായി (അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപരമായ ആവശ്യകതയ്ക്കായി) അപേക്ഷിക്കേണ്ടതുണ്ടോ എന്ന് കണ്ടെത്താൻ ദയവായി നിങ്ങളുടെ പ്രാദേശിക Historic England (ഹിസ്റ്റോറിക്ക് ഇംഗ്ലണ്ട്) ഓഫീസുമായി ബന്ധപ്പെടുക (താഴെ നോക്കുക).
- പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) കെട്ടിട സമ്മത അപേക്ഷകളിൽ തീരുമാനങ്ങൾ എടുക്കുന്നത് **പ്രാദേശിക ആസൂത്രണ അധികാരിയാണ്**. ചില സന്ദർഭങ്ങളിൽ, പ്രാദേശിക ആസൂത്രണ അധികാരികൾ Historic England (ഹിസ്റ്റോറിക് ഇംഗ്ലണ്ട്)-നെ അറിയിക്കുകയോ കൂടിയാലോചിക്കുകയോ ചെയ്യേണ്ടതുണ്ട്.

## Historic England (ഹിസ്റ്റോറിക് ഇംഗ്ലണ്ട്) പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) കെട്ടിടങ്ങൾ ഉപയോഗിക്കുന്ന വിശ്വാസ സമൂഹത്തെ എങ്ങനെയാണ് പിന്തുണയ്ക്കുന്നത്?

- ആരാധനയ്ക്കും മറ്റ് ഉപയോഗങ്ങൾക്കുമായി ചരിത്രപരമായ കെട്ടിടങ്ങൾ ഉപയോഗിക്കുന്ന വിശ്വാസ സമൂഹങ്ങൾക്ക് ഞങ്ങൾ പിന്തുണ നൽകുന്നു.
- വിവിധ ആവശ്യങ്ങൾക്കായി ആരാധനാലയങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സ്ഥലങ്ങൾ സൂക്ഷ്മതയോടെ പൊരുത്തപ്പെടുത്തുന്നതിനും പുതിയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും ഞങ്ങൾ ഉപദേശം നൽകുന്നു. കെടിടങ്ങളെ കാലാവസ്ഥാ വ്യതിയാനത്തോട് കൂടുതൽ പ്രതിരോധശേഷിയുള്ളതാക്കാൻ ആഗ്രഹിക്കുന്ന വിശ്വാസ സമൂഹങ്ങൾക്ക് ഉപദേശം നൽകാനും ഞങ്ങൾക്ക് കഴിയും.
- ഒരു ചരിത്രപരമായ കെട്ടിടം പരിപാലിക്കുന്ന വിശ്വാസ സമൂഹങ്ങൾക്ക് ലഭ്യമായേക്കാവുന്ന സഹായധനങ്ങളെക്കുറിച്ച് ഉപദേശം നൽകാനും ഞങ്ങൾക്ക് കഴിയും.

## ആരാധനാലയങ്ങളും മറ്റ് വിശ്വാസസംബന്ധമായ കെട്ടിടങ്ങളും പട്ടികപ്പെടുത്താൻ(ലിസ്റ്റ് ചെയ്യാൻ) കഴിയുമോ?

- ഇംഗ്ലണ്ടിനായുള്ള ദേശീയ പൈതൃക പട്ടികയിൽ പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) കെട്ടിടങ്ങൾക്കായി ഏകദേശം 380,000 എൻട്രികൾ ഉണ്ട്, ഇതിൽ 16,000-ത്തിലധികം ആരാധനാലയങ്ങൾ ഉൾപ്പെടുന്നു. പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) ആരാധനാലയങ്ങളിൽ വിവിധ വിശ്വാസ സമൂഹങ്ങൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഉൾപ്പെടുന്നു.
- ചിലപ്പോൾ പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) ഒരു കെട്ടിടം നിർമ്മിച്ചതിനുശേഷം ഒന്നിലധികം വ്യത്യസ്ത വിശ്വാസ സമൂഹങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, Woolwich (വൂൾവിച്ച്)-ലെ ഗുരുദ്വാര സാഹിബ്, ഇത് യഥാർത്ഥത്തിൽ ഒരു മെത്തഡിസ്റ്റ് പള്ളിയായി നിർമ്മിക്കുകയും 1970-കളിൽ സിഖ് സമൂഹത്തിൻ്റെ ഉപയോഗത്തിനായി പരിവർത്തനം ചെയ്യുകയും ചെയ്തു.
- സ്കൂളുകൾ, തിയേറ്ററുകൾ, സിനിമാശാലകൾ തുടങ്ങിയ മറ്റ് ആവശ്യങ്ങൾക്കായി ആദ്യം നിർമ്മിച്ച വിശ്വാസ സമൂഹങ്ങൾ ഉപയോഗിച്ചിരുന്ന പട്ടികപ്പെടുത്തിയ (ലിസ്റ്റ്

ചെയ്ത) കെട്ടിടങ്ങളും ഉണ്ട്, ഇപ്പോൾ യൂറോപ്പിനായുള്ള സൊറോസ്ട്രിയൻ സെൻ്ററർ ആയ പഴയ Harrow (ഹാരോ)-യിലെ Ace Cinema (എയ്സ് സിനിമ) ഇതിൽ ഉൾപ്പെടുന്നു.

- പട്ടികവൽക്കരിക്കുന്നതിലൂടെ(ലിസ്റ്റ് ചെയ്യുന്നതിലൂടെ) കെട്ടിടങ്ങൾ സംരക്ഷിക്കുന്നത് അർത്ഥമാകുന്നത് ആളുകൾക്ക് പ്രത്യേക ചരിത്രപരമായ കെട്ടിടങ്ങളിൽ ആരാധന നടത്താനും അവരുടെ സമൂഹബോധം വർദ്ധിപ്പിക്കാനും സഹായിക്കുന്നു എന്നതാണ്. ഇംഗ്ലണ്ടിലെ പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) 60-ലധികം ആരാധനാലയങ്ങളിലെ ആരാധകരുടെ ഒരു സർവേയിൽ, 88% പേർ അവരുടെ ആരാധനാലയം സമൂഹ ചൈതന്യത്തിന് സംഭാവന നൽകിയതായി സമ്മതിച്ചു.[1]

## പദാവലി:

- **വിശ്വാസ സമൂഹം:** ഒരേ വിശ്വാസ പാരമ്പര്യം പങ്കിടുകയും ഒരേ സ്ഥലത്ത് ആരാധന നടത്തുകയും ചെയ്യുന്ന ഒരു കൂട്ടം ആളുകൾ. ചില വിശ്വാസങ്ങളിൽ ഈ സമൂഹത്തെ ഒരു കൂട്ടായ്മ എന്ന് വിളിക്കാം.
- **ആരാധനാലയങ്ങൾ:** ആരാധനാലയങ്ങളിൽ ക്രിസ്ത്യൻ പള്ളികൾ, സിനഗോഗുകൾ, ഗുരുദ്വാരകൾ, ക്ഷേത്രങ്ങൾ, മന്ദിറുകൾ, മുസ്ലിം പള്ളികൾ എന്നിവയും അതിലേറെയും ഉൾപ്പെടുന്നു. ആരാധനാ സ്ഥലങ്ങളായി ഉപയോഗിക്കുന്നതിന് അനുയോജ്യമായ ചരിത്രപരമായ കെട്ടിടങ്ങളും ഇതിൽ ഉൾപ്പെടാം.
- **ആസൂത്രണ സംവിധാനം:** ഇംഗ്ലണ്ടിലെ എല്ലാ ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉപയോഗവും വികസനവും ആസൂത്രണ സംവിധാനത്താൽ നിയന്ത്രിക്കപ്പെടുന്നു. നിലവിലുള്ള കെട്ടിടങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതും പുതിയവ നിർമ്മിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ശരിയായ സ്ഥലത്ത്, ശരിയായ സമയത്ത് ശരിയായ വികസനം നടക്കുന്നുണ്ടെന്ന് ഈ സംവിധാനം ഉറപ്പാക്കുന്നു.

## നിങ്ങളുടെ പ്രാദേശിക Historic England (ഹിസ്റ്റോറിക്ക് ഇംഗ്ലണ്ട്) ഓഫീസുമായി ബന്ധപ്പെടുക:

- **North West**: northwest@HistoricEngland.org.uk
  *Cheshire, Cumbria, Greater Manchester, Lancashire, Merseyside*
- **North East:** northeast@HistoricEngland.org.uk
  *County Durham, Newcastle, Northumberland, Tees Valley, Tyne, Wear*
- **Yorkshire**: yorkshire@HistoricEngland.org.uk
  *East Riding of Yorkshire, Kingston upon Hull, North, South, West Yorkshire, York*
- **East of England**: eastofengland@HistoricEngland.org.uk
  *Bedfordshire, Cambridgeshire, Essex, Hertfordshire, Norfolk , Suffolk*
- **South West**: southwest@HistoricEngland.org.uk
  Bristol, Cornwall, Devon, Dorset, Gloucestershire, Isles of Scilly, Somerset, Wiltshire
- **Midlands:** midlands@HistoricEngland.org.uk
  *Herefordshire, Shropshire, Staffordshire, Warwickshire, West Midlands, Worcestershire, Derbyshire, Leicestershire, Lincolnshire, Northamptonshire, Nottinghamshire, Rutland*
- **London & South East:** londonseast@HistoricEngland.org.uk
  *Greater London, Berkshire, Buckinghamshire, East Sussex, Hampshire, Isle of Wight, Kent, Oxfordshire, Surrey, West Sussex*

ഈ വസ്തുതാപത്രത്തി(ഫാക്റ്റ്ഷീറ്റ്)ൻ്റെ വിവർത്തനം ചെയ്ത പതിപ്പ് ഇനിപ്പറയുന്ന ഭാഷകളിൽ ലഭ്യമാണ്:

- **Romanian** română
- **Panjabi** ਪੰਜਾਬੀ

[1] ഇംഗ്ലീഷ് പൈതൃകവും ചരിത്ര നിർമ്മിതികളും(2010) 'അനുഗ്രഹങ്ങളോ ഭാരങ്ങളോ? പട്ടികപ്പെടുത്തിയ(ലിസ്റ്റ് ചെയ്ത) ആരാധനാലയങ്ങളും സമൂഹങ്ങളിലെ അവയുടെ പങ്ക്)'

- **Urdu** اردو
- **Tamil** தமிழ்
- **Malayalam** മലയാളം

**historicengland.org.uk**